**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2048** **09-02-2023 - ൽ മറുപടിയ്ക്ക്**

**ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘം നിക്ഷേപ തട്ടിപ്പ് കേസിന്മേലുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ബി.എസ്.എൻ.എൽ എഞ്ചിനിയേഴ്സ് സഹകരണ സംഘം നിക്ഷേപതട്ടിപ്പ് കേസിൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) | പ്രസ്തുത വിഷയം സംബന്ധിച്ച് വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1266/2022 U/s 408, 409, 420, 477(A) r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് തുടരന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ക്രൈം ബ്രാഞ്ച് ക്രൈം.നം. 81/CB/EOW/TVM/R/2023 U/s 408,409,420,477 (A) r/w 34 IPC ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തി വരുന്നതുമാണ് |
| (ബി) | പ്രസ്തുത കേസിലെ പോലീസ് അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (ബി) | സംസ്ഥാന ക്രൈം ബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗമാണ്കേസിന്റെ അന്വേഷണം നടത്തി വരുന്നത്. ക്രൈം ബ്രാഞ്ച് എസ്.പി.യുടെ നേതൃത്വത്തിൽ രണ്ട് ഡി.വൈ.എസ്.പി-മാർ മൂന്ന് ഡിറ്റക്ടീവ് ഇൻസ്പെക്ടർമാർ ഉൾപ്പെടെ 13 പേരടങ്ങുന്ന പ്രത്യേക സംഘത്തെ അന്വേഷണത്തിനായി നിയോഗിച്ചിട്ടുണ്ട്. കേസ്സിലെ പ്രതികളുടെ വസ്തുവകകളുടെ ക്രയവിക്രയം തടയണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട അധികാരികൾക്കും ബഹുമാനപ്പെട്ട കോടതിയ്ക്കും അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. കേസിലെ രണ്ടാം പ്രതിയായ പ്രദീപ് കുമാറിനെ അറസ്റ്റ് ചെയ്തിട്ടുള്ളതും അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നതുമാണ്. |
| (സി) | പ്രസ്തുത തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട പണം തിരിച്ചുനല്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ക്രമക്കേട് നടത്തിയവരുടെ വസ്തുവകകളിൽ നിന്നും തുക ഈടാക്കി നിക്ഷേപകർക്ക് നല്കുന്നതിനുള്ള നിയമാനുസൃതമായ നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ